# തിരുപ്പിറവി

ദൈവത്തിന്റെ ആത്മദാനത്തിന്റെ ആഘോഷമാണ് ക്രിസ്തുമസ് ഒപ്പം, എല്ലാ ആത്മദാന ങ്ങളിലും ദൈവം മനുഷ്യനായി അവതരിക്കുന്നു എന്ന ഓർമ്മപ്പെടുത്തലും:

എല്ലാവർക്കും തിരുപ്പിറവിയുടെ മംഗളങ്ങൾ! ഭൂമിക്കുമേൽ ''സ്വന്തം'' എന്ന സ്വർഗ്ഗത്തിന്റെ കൈയ്യൊപ്പാണ് ക്രിസ്തുവിന്റെ ജനനം.

''സത്രത്തിൽ ഇടമില്ല'' എന്ന പേരിൽ ഒരു കൊച്ചുകഥ; റഷ്യൻ ഗ്രാമങ്ങളിൽ സാധാരണ യായി ഡിസംബർ മാസങ്ങളിൽ ഒരു ക്രിസ്തുമസ് നാടകം അരങ്ങേറാറുണ്ട്. വാലസ്സ് എന്ന 9 വയസ്സുകാരൻ. അവന്റെ ഒരു സ്വപ്നമായിരുന്നു എന്നെങ്കിലും ഈ നാടകത്തിൽ ഒരു കഥാപാ ത്രമായി അഭിനയിക്കുക എന്നത്. ആ വർഷം അപ്രതീക്ഷിതമായി അവനൊരവസരം ലഭിക്കുക യാണ്. സത്രം സൂക്ഷിപ്പുകാരന്റെ വേഷമാണ് വാലസ്സിനു നല്കപ്പെട്ടത്. നാടകത്തിന്റെ പരിശീ ലനം തുടങ്ങി. ഈ കുട്ടിയെ അവർ നാടകത്തിലെ കഥാപാത്രത്തിന്റെ വേഷവും സംഭാഷണവും പഠിപ്പിച്ചു.

നാടകത്തിൽ, യൗസേപ്പും ഗർഭിണിയായ മേരിയും കൂടി സത്രത്തിൽ എത്തി, ഈശോയ്ക്കു ജന്മം നല്കാൻ ഇടം ചോദിക്കുമ്പോൾ അതു നിക്ഷേധിച്ച് അവരെ തിരിച്ചയക്കുന്ന കഥാപാത്ര മാണ് വാലസ് എന്ന ഈ സത്രം സൂക്ഷിപ്പുകാരന്റേത്.

നാടകം തുടങ്ങി. ഗർഭിണിയായ മറിയത്തേയും കൊണ്ട് ക്ഷീണിതനായ യൗസേപ്പ് എത്തി സത്രത്തിന്റെ വാതിലിൽ മുട്ടി. ഉറക്കച്ചടവുള്ള കണ്ണുകളോടെ സത്രത്തിന്റെ വാതിൽ തുറക്കുന്ന വാലസ് പരുഷഭാവത്തിൽ ചോദിച്ചു! എന്താ? എന്തുവേണം?

''സത്രത്തിൽ ഒരിടം''! ദയനീയഭാവത്തിൽ യൗസേപ്പ് യാചിച്ചു. ''ഇവിടെ സ്ഥലമില്ല'' - എന്നു പറഞ്ഞ് തിരിഞ്ഞു നടക്കാൻ തുടങ്ങുമ്പോൾ അറിയാതെ ആ കുട്ടി ഒരു നിമിഷം അവരെ നോക്കി നിന്നു.

വളരെ ക്ഷീണിതയായ മറിയത്തെയും കൊണ്ട് സങ്കടത്തോടെ യൗസേപ്പ് തിരിഞ്ഞു നട ക്കുകയാണ്.

ഒരു നിമിഷം അവന്റെ മനസ്സലിഞ്ഞു. അറിയാതെ അവൻ വിളിച്ചു പറഞ്ഞു;

''യൗസേപ്പ്, സത്രത്തിൽ ഇടമില്ലെങ്കിലും സാരമില്ല, നിങ്ങൾ എന്റെ മുറിയിൽ കിടന്നോളൂ!''

അവന്റെ പിഞ്ചുമനസ്സിന്റെ വളരെ സ്വാഭാവികമായ പ്രതികരണമായിരുന്നു അത്. നാടക ത്തിന്റെ ഭാഗമായിരുന്നില്ല ആ പ്രതികരണം. അതോടെ ആ നാടകത്തിന്റെ ഗതി മാറി.

പക്ഷേ എല്ലാവർക്കും അതൊരു നല്ല ക്രിസ്തുമസ് സന്ദേശം നല്കി - ശിശു തുല്യമായ ഹൃദയത്തിലെപ്പോഴും ക്രിസ്തുവിനു പിറക്കാൻ ഇടമുണ്ട് എന്ന അവബോധം.

''സത്രത്തിൽ സ്ഥലമില്ല'' - എന്നു പറയുന്നത് ഏത് കാലഘട്ടത്തിന്റേയും ജീർണ്ണതയാ ണ്. ക്രിസ്തു പിറക്കാൻ ഇടമില്ലാത്ത വിധം സത്രങ്ങൾ - നിന്റെ കുടുംബം, നിന്റെ ഹൃദയം, നിന്റെ സൗഹൃദങ്ങൾ......- നിറച്ചുവച്ചിരിക്കുന്നു എന്ന ദുരന്തമാണിത്. ദൈവത്തിനുവേണ്ടി ഇട മൊരുക്കുക എന്നാൽ ദൈവത്തിന് അഹിതമായതൊക്കെ ഹൃദയത്തിൽ നിന്ന് പടിയിറക്കി വിടുക എന്നു തന്നെ അർത്ഥം. ഇരുപത്തഞ്ചു നാളുകൾ നീണ്ട നോമ്പിന്റെ വ്രതപുണ്യങ്ങൾ നിന്റെ ഉള്ളിൽ ക്രിസ്തുവിനു പിറക്കാൻ ഇടമൊരുക്കിയോ?

ദൈവാന്വേഷണത്തിന്റെ വഴികളിലെ ചില ''കാലിഡോസ്കോപിക് ഫ്രെയിമുകളാണ്'' ക്രിസ്തുമസ്സിന്റെ വചന ചിന്തകളെ കുളിരുള്ളതാക്കുന്നത്.

അധികാരത്തിന്റെ ദണ്ഡുകൊണ്ട് സുഖങ്ങളുടെ ശയ്യയിൽ തിരുവാഴ്ച നടത്തിയ ഹേറോദേസ്. ക്രിസ്തുവിന്റെ ജനനം അവനെ സംഭ്രമിപ്പിച്ചു. അതുകൊണ്ട് ക്രിസ്തു ജനിക്കരുതെന്നാണ് അവന്റെ ആഗ്രഹം. അതിനുവേണ്ടിയാണ് ശിശുഹത്യകളോക്കെ അവന്റെ രാജനിയമത്തിന്റെ ന്യായവാദങ്ങളാക്കിയത്. നിന്റെ സുഖങ്ങൾ സംരക്ഷിക്കാൻ വേണ്ടി അപരനു മരണം വിധിക്കുന്ന മനസ്സ്, അത് സ്വന്തം ഉദരത്തിലെ കുഞ്ഞാണെങ്കിൽകൂടി...! തിന്മയുടെ സുഖമൊഴിയാതിരിക്കാൻ ക്രിസ്തു പിറക്കരുതെന്ന് വാശിപിടിക്കുന്ന ഹേറോദേസിന് നിന്റെ മുഖമുണ്ടോ എന്ന ഒരു ആത്മശോധന ആവശ്യമുണ്ട്.

ഗരനേസരുടെ നാട്ടിലെ പിശാചുബാധിതരെ സൗഖ്യപ്പെടുത്തുന്ന ക്രിസ്തു: പിശാചു പന്നിക്കൂട്ടങ്ങളിൽ പ്രവേശിച്ച് കടലിൽ മുങ്ങി ചത്തു എന്നും വചനത്തിന്റെ പിൻകുറി. തുടർന്ന് ഗ്രാമവാസികൾ ഒന്നടങ്കമെത്തി ഈശോയോട് ഈ ദേശം വിട്ടുപോകണം എന്നഭ്യർത്ഥിക്കുന്നു. തങ്ങളുടെ ലാഭങ്ങൾക്ക്  എതിരു നില്കുന്ന ദൈവത്തിന് ഇടം കൊടുക്കാൻ തയ്യാറാകാത്ത ജനം.

ക്രിസ്തുമസ് ഒരു തിരികെയാത്രയാണ്.... എന്റെ ഇഷ്ടങ്ങളെ ഒഴിവാക്കി പകരം ക്രിസ്തുവിനുകൂടി വാഴാൻ ഇടമൊരുക്കുന്നവന്റെ തിരികെയാത്ര.

പുസ്തകച്ചുരുളുകളിലെ ദൈവത്തെ മാത്രം തേടുന്നവരുടെ നിസ്സംഗതയാണ് വചനത്തിലെ മറ്റൊരു കാഴ്ച. ഹേറോദേസിന്റെ കൊട്ടാരത്തിലെ പണ്ഡിതർ, ക്രിസ്തു എവിടെ ജനിക്കും എന്നതിനെ ഗ്രന്ഥച്ചുരുളുകളിലേക്ക് നോക്കി മറുപടി പറഞ്ഞ് കളമൊഴിയുന്ന ബുദ്ധി ജീവികൾ, ദൈവത്തിന്റെ ജനനമോ മരണമോ എന്നെ ബാധിക്കുന്നില്ല എന്ന നിസ്സംഗതയുടെ അഥവാ കപട പ്രത്യാശയ ശാസ്ത്രങ്ങളുടെ തമ്പുരാക്കന്മാർ..

കിഴക്കു നിന്ന് ദൈവ ദർശനത്തിനുവേണ്ടി മാത്രം തീർത്ഥാടനം ചെയ്ത് പുൽക്കൂട്ടിലേക്ക് എത്തുന്ന ജ്ഞാനികളാണ് യഥാർത്ഥത്തിൽ ഈ ദിവസത്തെ നക്ഷത്രദീപ്തമാക്കുന്നത്. നിന്റെ ലക്ഷ്യങ്ങളാണ് അതിജീവനത്തിന്റെ പ്രവേശനശക്തി. യാതനകളുടെ വഴിത്താരകളിൽ ക്രിസ്തുവെന്ന പുണ്യദർശനം ജ്ഞാനികളെ തീർത്ഥാടകരാക്കി.

ക്രിസ്തുവിലേക്കുള്ള വഴികളൊക്കെ യാത്രികർക്ക്  സുഖമുള്ളതായിരിക്കില്ല.. പക്ഷേ എല്ലാ പ്രതിബന്ധങ്ങളിലും ദിശ കാട്ടാൻ ഒരു നക്ഷത്രമുണ്ടാകും അവരുടെ മുമ്പിൽ... അകകണ്ണിൽ എണ്ണനിറക്കുന്ന ദൈവചൈതന്യം.

ഈ തിരിനാളങ്ങളുടെ അകമ്പടിയാണ് മറിയത്തെ ദൈവപുത്രന്റെ അമ്മയാക്കി... രക്ഷയുടെ സഹയാത്രികയാക്കിയത്..

ഇതു തന്നെ യൗസേപ്പിനെ ഉണ്ണിയേശുവിന്റെ പിതാവാക്കാൻ .. എല്ലാ തമസ്സിലും വെളിച്ചം നിറച്ച്ത്.. അതുതന്നെ ഒടുവിൽ പൂജരാജാക്കന്മാരെ പുൽക്കൂട്ടിലെത്തിച്ചതും..

പുൽക്കൂട് നിറയുന്ന ദൈവചൈതന്യം സ്വർഗ്ഗവിട്ടിറങ്ങിയവന്റെ ആത്മാദനത്തിന്റെ കഥയാണ്.

അങ്ങനെ ഓരോ പങ്കുവയ്ക്കലും ക്രിസ്തുവിനെ ലോകത്തിന് പരിചയപ്പെടുത്തുന്നുണ്ട്..

തെരുവിൽ നിന്നെടുത്ത് വ്രണം വച്ചുകെട്ടുന്ന, സ്നേഹത്തോടെ ചുംബിക്കുന്ന മദർ തെരേസയോട് ''നിങ്ങൾ ക്രിസ്തുവാണോ'' എന്ന് ചോദിക്കുന്ന വൃദ്ധ! നിന്റെ ആത്ദാനങ്ങളിൽ ദൈവം മനുഷ്യനായി പിറക്കുന്നു എന്ന ചിന്ത തന്നെയാണ്.

അത്താഴ മേശയിലെ വിഭവമൊരുക്കാൻ അപ്പമായി പൊടിയുന്ന അപ്പനും, എല്ലാ തിരസ്ക്കാരങ്ങളെയും എല്ലാവരുടെയും വേദനകളെയും സ്വന്തമാക്കി തിരികെ സ്നേഹം മാത്രം കൊടുക്കുന്ന അമ്മയും തലമുറകളുടെ വഴികളിൽ സുഗന്ധമുള്ള ഓർമ്മകളാണ്- അവരിലൂടെ ദൈവം മനുഷ്യരൂപം സ്വീകരിച്ചു എന്ന മക്കളുടെ സാക്ഷ്യങ്ങളിൽ.

അങ്ങനെ ക്രിസ്തുമസ് നിനക്കു ഉള്ളിലൊരു നക്ഷത്രം വെളിച്ചം തരട്ടെ.. ഈ മഹാദാനത്തിലൂടെ ക്രിസ്തുവിനെ പരിചയപ്പെടുത്താൻ.